**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഉന്നത വിദ്യാഭ്യാസം - സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ സീനിയർ ക്ലർക്ക് ശ്രീ. റ്റി.എ നിഷാദ് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്ത ഒ. എ. നം. 2066/2025 ൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 28.11.2025 തീയതിയിലെ ഉത്തരവ് നടപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉന്നത വിദ്യാഭ്യാസ (ജി) വകുപ്പ്**

സ.ഉ.(സാധാ) നം.363/2026/HEDN തീയതി,തിരുവനന്തപുരം, 12-03-2026

---

പരാമർശം:- 1. 03.11.2025 ൽ ശ്രീ. റ്റി.എ നിഷാദ് സമർപ്പിച്ച അപേക്ഷ.

2. O.A. 2066/2025 ലെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 28.11.2025 തീയതിയിലെ ഉത്തരവ്.

**<u>ഉത്തരവ്</u>**

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ സീനിയർ ക്ലർക്കായ ശ്രീറ്റി.എ നിഷാദ് ടിയാളുടെ സീനിയോറിട്ടിയുമായി ബന്ധപ്പെട്ട് പരാമർശം 1 പ്രകാരം നിവേദനം നല്കുകയും തുടർന്ന് ടിയാൾ ഫയൽ ചെയ്ത ഒ.എ നം.2066/2025 നമ്പർ കേസിലെ പരാമർശം 2 ഉത്തരവിൽ അപേക്ഷകനെയും ബന്ധപ്പെട്ടവരെയും നേരിൽ കേട്ട് തീരുമാനമെടുക്കുവാൻ ഉത്തരവാകുകയും ചെയ്തിരുന്നു.

ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം - 2 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 16.01.2026 -ന് ശ്രീ. റ്റി.എ. നിഷാദനെയും സീനിയർ ക്ലർക്കുമാരുടെ ഭാഗത്തു നിന്നും ശ്രീമതി. സുമംഗല എസ്., ശ്രീമതി ഷീബ എൻ. കെ. തുടങ്ങിയവരെയും ഉന്നത വിദ്യാഭ്യാസ വകുപ്പ് അണ്ടർ സെക്രട്ടറി നേരിൽ കേൾക്കുകയുണ്ടായി. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് ശ്രീമതി മിനി വാഹിദ് എ., സൂപ്രണ്ട് ശ്രീ. പ്രതാപചന്ദ്രൻ പി. എന്നിവർ പങ്കെടുത്തു. കൂടാതെ സീനിയർ ക്ലർക്കുമാരുടെ കൂട്ടായ നിവേദനവും ലഭ്യമാകുകയുണ്ടായി.

ഹിയറിംഗിൽ ശ്രീ. നിഷാദ് ടി. എ. ചുവടെ ചേർക്കുന്ന വാദങ്ങൾ

ഉന്നയിച്ചിരുന്നു.

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിൽ 11/06/2008 പൂർവ്വാഹ്നം പ്രാബല്യത്തിൽ ജോലിയിൽ പ്രവേശിച്ച ടിയാൾക്ക് 08/06/2013 പൂർവ്വാഹ്നം പ്രാബല്യത്തിൽ യു.ഡി. ടൈപ്പിസ്റ്റ് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിക്കുകയും, 26/09/1968 തിയ്യതിയിലെ സ.ഉ. (കൈ.)നം.301/68/ഉ.ഭ.പ.വ., 23/08/2012 തീയ്യതിയിലെ സ.ഉ. (കൈ.)നം.41/2012/ഉ.ഭ.പ.വ. നമ്പർ സർക്കാർ ഉത്തരവിലേയും വ്യവസ്ഥകൾക്ക് വിധേയമായി യു.ഡി. ക്ലാർക്ക്/സീനിയർ ക്ലാർക്ക് തസ്തികയിലേയ്ക്ക് 05/12/2015 പൂർവ്വാഹ്നം പ്രാബല്യത്തിൽ തസ്തികമാറ്റ നിയമനം ലഭിക്കുന്നതിലേയ്ക്ക് മുൻകൂർ അപേക്ഷ സമർപ്പിച്ചിരുന്നതും, എന്നാൽ എൽ.ഡി. ക്ലാർക്ക് തസ്തികയിൽ നിന്നും യു.ഡി. ക്ലാർക്ക് തസ്തികയിലേയ്ക്കുള്ള അനുപാത സ്ഥാനക്കയറ്റം അനുവദിക്കുന്നതിൽ വന്ന ഭരണപരമായ കാലതാമസത്തിൻറ വെളിച്ചത്തിൽ 05/12/2015 പൂർവ്വാഹ്നം പ്രാബല്യത്തിൽ തനിയ്ക്ക് യു.ഡി. ക്ലാർക്ക് തസ്തികയിലേയ്ക്ക് തസ്തികമാറ്റ നിയമനം അനുവദിക്കുന്നതിൽ കാലതാമസം നേരിട്ടിരുന്നതായും, തുടർന്ന് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ 09/08/2017 തീയ്യതിയിലെ ED1/29522/2017/DTE നമ്പർ ഉത്തരവ് പ്രകാരം 05/12/2015 പൂർവ്വാഹ്നം പ്രാബല്യത്തിൽ യു.ഡി. ക്ലാർക്ക് തസ്തികയിലേയ്ക്ക് തസ്തികമാറ്റ നിയമനം അനുവദിച്ചിരുന്നതുമാണ്. ടി ഉത്തരവിൽ എൽ.ഡി. ക്ലാർക്ക് തസ്തികയിൽ തന്റെ ജൂനിയറായ ജീവനക്കാർക്കും യു.ഡി. ക്ലാർക്ക് തസ്തികയിലേയ്ക്ക് അവർക്ക് അനുവദനീയമായ തീയ്യതി പ്രാബല്യത്തിൽ അനുപാത സ്ഥാനക്കയറ്റം അനുവദിച്ചിരുന്നു.

23/08/2012 തീയ്യതിയിലെ സ.ഉ.(കൈ)നം.41/2012/ഉ.ഭ.പ.വ. നമ്പർ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം 1958 -ലെ ഭാഗം-II, കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് ചട്ടങ്ങളിലെ ചട്ടം 5(c) -ലെ കുറിപ്പ് (3) വ്യവസ്ഥകളിൽ നിഷ്ക്കർഷിക്കും പ്രകാരം ടി തസ്തികമാറ്റം അനുവദിക്കുന്നതിലേയ്ക്ക് സീനിയർ ക്ലാർക്ക് തസ്തികയിലുണ്ടാകുന്ന ഒഴിവിൻറ 1 / 6 ഒഴിവ് ടൈപ്പിസ്റ്റ്/കോൺഫിഡൻഷ്യൽ അസിസ്റ്റൻറ് തസ്തികയിൽ നിന്നും തസ്തികമാറ്റത്തിലേയ്ക്ക് നീക്കിവെയ്ക്കണമെന്നും, ടി ഒഴിവ് ഉണ്ടാകുന്ന സമയത്ത് യോഗ്യരായ ജീവനക്കാരുടെ അഭാവത്തിൽ ടി ഒഴിവ് ക്ലാർക്ക് തസ്തികയിൽ നിന്നും നികത്താവുന്നതാണെന്നും നിഷ്ക്കർഷിക്കുന്നു.

ടി ചട്ടങ്ങളിലെ വ്യവസ്ഥകളിൽ നിഷ്ക്കർഷിക്കും പ്രകാരം വകുപ്പിൽ ആകെയുള്ള സീനിയർ ക്ലാർക്ക് തസ്തികയിൽ ടി സർക്കാർ ഉത്തരവുകളിലെയും, 1958 ലെ ഭാഗം II, കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് ചട്ടങ്ങളിലെ ചട്ടം 5(3) ലെ കുറിപ്പ് (3) ലേയും വ്യവസ്ഥകളിൽ നിഷ്ക്കർഷിക്കും പ്രകാരം തസ്തികമാറ്റ നിയമനം ലഭിക്കുന്നതിലേയ്ക്ക് തനിയ്ക്കർഹമായ ഒഴിവ് വന്ന തീയ്യതിയ്ക്ക് മുൻപ് തന്നെ ടിയാൾ ആവശ്യമായ അപേക്ഷ സമർപ്പിച്ചിരുന്നതിനാലും, ഇത്തരത്തിൽ യു.ഡി. ക്ലാർക്ക് തസ്തികയിലേയ്ക്ക് തസ്തികമാറ്റ നിയമനവും, അനുപാത സ്ഥാനക്കയറ്റം

അനുവദിക്കുന്ന സാഹചര്യത്തിൽ എൽ.ഡി. ക്ലാർക്ക് തസ്തികയിൽ തന്റെ വളരെ ജൂനിയറായ ജീവനക്കാർക്ക് അർഹതപ്പെട്ട സ്ഥാനക്കയറ്റം മുൻകാല പ്രാബല്യത്തിൽ അനുവദിക്കണമെങ്കിൽ സീനിയറായ തനിയ്ക്ക് അർഹതപ്പെട്ട തസ്തികമാറ്റ നിയമനം അനുവദിച്ചതിന് ശേഷം മാത്രമേ സാധിക്കുന്നതും, യു.ഡി. ക്ലാർക്ക് തസ്തികയിലെ സീനിയോരിറ്റി 26/09/1968 തീയ്യതിയിലെ സ.ഉ. (കൈ.) 301/68/ഉ.ഭ.പ.വ. സർക്കാർ ഉത്തരവിൽ നിഷ്ക്കർഷിക്കും പ്രകാരം 1958 ലെ ഭാഗം-II, കേരള സ്റ്റേറ്റ് ആൻറ് സബോർഡിനേറ്റ് സർവ്വീസസ് ചട്ടങ്ങളിലെ ചട്ടം 27 ലെ വ്യവസ്ഥകൾക്ക് വിധേയമായി ക്രമീകരിക്കേണ്ടതുമാണ്.

1958 ലെ ഭാഗം I I , കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് ചട്ടങ്ങളിലെ ചട്ടം 5(3) ലെ കുറിപ്പ് (3) പ്രകാരം സംസ്ഥാന സർക്കാർ സർവ്വീസിലെ വിവിധ വകുപ്പ്/യൂണിറ്റിലുള്ള വിവിധ തസ്തികകൾ നികത്തുമ്പോൾ ടി തസ്തികയുടെ പ്രത്യേക ചട്ടങ്ങളിൽ വിവിധ തരത്തിലുള്ള നിയമന രീതികൾ നിഷ്ക്കർഷിക്കുന്ന സാഹചര്യങ്ങളിൽ വകുപ്പിൽ/യൂണിറ്റിൽ ടി തസ്തികയിലുള്ള ആകെ തസ്തികകളിൽ ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്യുന്ന അനുപാതത്തിൽ ആകെയുള്ള പ്രത്യേക തസ്തികയുടെ കേഡർ സ്ട്രെങ്ത് (Cadre Strength) കണക്കാക്കി തസ്തികകൾ നികത്തണമെന്നും നിഷ്കർഷിക്കുന്നതായും ഈ അവസരത്തിൽ 1958 ലെ ഭാഗം II കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് ചട്ടങ്ങളിലെ ചട്ടം 27 (എ), 27 (സി), 27 (എ)യിലെ 3-ാം ഉപാധികളിലേയ്ക്കും (3rd proviso under the Rule 27 (a) of Part II, KS&SSRs 1958) ശ്രദ്ധക്ഷണിക്കുന്നതായും. ടി ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം ഒരു തസ്തികയുടെ പ്രത്യേക ചട്ടങ്ങളിൽ വിവിധതരത്തിലുള്ള നിയമന രീതികൾ വ്യവസ്ഥ ചെയ്യുന്നുണ്ടെങ്കിൽ ഓരോ വിഭാഗത്തിനും നീക്കി വെച്ചിട്ടുള്ള തസ്തികയുടെ എണ്ണത്തിന്റെ അനുപാതത്തിൽ ടി തസ്തികകളിൽ ജോലിയിൽ പ്രവേശിക്കുന്ന ജീവനക്കാരുടെ ആനുപാതിക സീനിയോരിറ്റി കണക്കാക്കണമെന്ന് നിഷ്കർഷിക്കുന്നതായും അറിയിക്കുകയുണ്ടായി.

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ യു.ഡി. ടൈപ്പിസ്റ്റ് തസ്തികയിൽ ജോലിനോക്കിയിരുന്ന ടിയാൾക്ക് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ 09/08/2017 തീയ്യതിയിലെ ഉത്തരവിൽ വ്യവസ്ഥ ചെയ്യും പ്രകാരം 05/12/2015 പൂർവ്വാഹം പ്രാബല്യത്തിൽ യു.ഡി. ക്ലാർക്ക് തസ്തികയിലേയ്ക്ക് തസ്തികമാറ്റ നിയമനം അനുവദിച്ചിരുന്നതായും, ആയതിന്റെ വെളിച്ചത്തിൽ യു.ഡി. ക്ലാർക്ക് തസ്തികയിലെ തന്റെ സീനിയോരിറ്റി സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ 06/08/2024 തിയ്യതിയിലെ 1/120263/2024 നമ്പർ പരിപത്രത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതുപോലെ ചട്ടങ്ങളിലെ വ്യവസ്ഥകളിൽ നിഷ്ക്കർഷിക്കും പ്രകാരം 04/09/2019 തീയ്യതിയിലെ EG3/9406/19/DTE നമ്പർ ഉത്തരവിലെ ക്രമ നമ്പർ 175A ആയി (അതായത് ക്രമ നമ്പർ 174 ആയി ഉൾപ്പെടുത്തിയിട്ടുള്ള ശ്രീ. പ്രഭാകരൻ. കെ. -യുടേയും, ക്രമ നമ്പർ 175 ആയി ഉൾപ്പെടുത്തിയിട്ടുള്ള ശ്രീ.രാജീവൻ, കെ.വി. -യുടെയും ഇടയിൽ) നിജപ്പെടുത്തുന്നതിലേയ്ക്ക് വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നതായും, ടി

വിജ്ഞാപനത്തിന്റെ വെളിച്ചത്തിൽ വസ്തുതാപരമായോ, ചട്ടങ്ങളിലെ വ്യവസ്ഥകളിൽ നിഷ്ക്കർഷിക്കുന്ന പ്രകാരമോ സാധൂകരിക്കത്തക്ക വിധത്തിൽ ആപേക്ഷങ്ങൾ ലഭിച്ചിട്ടില്ലാത്തതിനാൽ ടി പരിപത്രത്തിലെ തന്റെ സീനിയോരിറ്റി സ്ഥാനം സ്ഥിരീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കേണ്ടതും, ആയതിൻറ വെളിച്ചത്തിൽ ടിയാൾക്ക് അർഹമായ തുടർ സ്ഥാനക്കയറ്റം അനുവദിക്കേണ്ടതുമാണ് എന്നും വാദിക്കുകയുണ്ടായി. എന്നാൽ ടി വിഷയത്തിൽ കഴിഞ്ഞ ഏകദേശം ഒരു വർഷത്തോളമായി താൻ സമർപ്പിച്ചിരുന്ന അപേക്ഷയിൽ ചട്ടങ്ങളിലേയും, അനുബന്ധ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങളിലേയും വ്യവസ്ഥകൾക്ക് വിധേയമായി നടപടി കൈകൊള്ളാതെ തൻറ വളരെ ജൂനിയറായ ഉദ്യോഗസ്ഥർക്ക് ടിയാളുടെ സ്ഥിരീകരിച്ച സീനിയോരിറ്റിയെ (Settled Seniority) മറികടന്ന് സ്ഥാനക്കയറ്റം അനുവദിക്കുകയും ചെയ്തതായി ആരോപിക്കുകയുണ്ടായി.

ഇക്കാര്യത്തിൽ affected parties ഹിയറിംഗ് വേളയിൽ (ടി തസ്തികയിലെ മറ്റ് ജീവനക്കാർ) ലഭ്യമാക്കിയിരിക്കുന്ന നിവേദനങ്ങൾ പ്രകാരം എൽ.ഡി ടൈപ്പിസ്റ്റ് തസ്തികയിൽ നിന്നും സീനിയർ ക്ലർക്ക് തസ്തികയിലേയ്ക്ക് തസ്തികമാറ്റം ലഭിക്കുന്ന ജീവനക്കാരുടെ സീനിയോറിറ്റി ഉത്തരവ് തീയതിയായിരിക്കുമെന്ന് വ്യക്തമാണെന്നും സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനു വന്ന ഒരു പിശക് മൂലമാണ് പരാതിക്കാരൻ ഒഴിവു വന്ന തീയതിയായ 05/12/2015 -ലേയ്ക്ക് ടിയാന്റെ സീനിയോറിറ്റി പുനക്രമീകരിക്കണമെന്ന് അവകാശ വാദം ഉന്നയിക്കുവാൻ കാരണമായിട്ടുള്ളത് എന്നും ആയത് തിരുത്തി സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ 11/01/2026 ലെ ED1/9445/2025/DTE നമ്പർ ഉത്തരവു പ്രകാരം ഭേദഗതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിൽ ശ്രീ നിഷാദ് സമർപ്പിച്ച പരാതി തള്ളിക്കളഞ്ഞു കൊണ്ട് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ 04/09/2019 ലെ EG3/9406/19/DTE നമ്പർ സർക്കുലർ പ്രകാരമുള്ള സീനിയോറിറ്റി നിലനിർത്തണമെന്നാണ് ആവശ്യപ്പെട്ടിരിക്കുന്നത്.

ഹിയറിംഗ് വേളയിൽ പ്രസ്തുത വിഷയത്തിൽ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് ലഭ്യമാക്കുകയും ഹിയറിംഗിന് ഹാജരായ ഉദ്യോഗസ്ഥർ ചുവടെ ചേർക്കുന്ന വാദഗതികൾ ഉന്നയിക്കുകയും ചെയ്തു.

യുഡി ടൈപ്പിസ്റ്റ് ആയിരുന്ന ശ്രീ നിഷാദ് ടി എ-യ്ക്ക് സീനിയർ ക്ലർക്ക് തസ്തികയിലേക്ക് പ്രൊമോഷൻ നല്കിയത് 09/08/2017 ലെ ED1/29522/17/DTE നമ്പർ ഉത്തരവ് പ്രകാരമാണ്. ടി ഉത്തരവിൽ date of effect of promotion, 05/12/2015 എന്നും remarks ൽ "promoted from the cadre of Typist and posted at Directorate of Technical Education, Thiruvananthapuram" എന്നും കാണിച്ചിരുന്നു. പ്രൊമോഷന് പരിഗണിച്ചിരിക്കുന്നത് 05/12/2015-ൽ ഉണ്ടായ ഒഴിവിലേക്കാണെങ്കിലും, 26/09/1968 ലെ G.O.(Ms) No.301/68/PD നമ്പർ ഉത്തരവ് പ്രകാരം ആണ്

ടിയാൻറെ സീനിയർ ക്ലർക്ക് തസ്തികയിലെ സീനിയോറിറ്റി കണക്കാക്കേണ്ടത്. ആയതിൻറെ അടിസ്ഥാനത്തിൽ, സീനിയർ ക്ലർക്ക് തസ്തികയിലേക്ക് പ്രൊമോഷൻ നൽകിയ ഉത്തരവ് തീയതി ആയ 09/08/2017 ആയി കണക്കാക്കിയാണ് 04.09.2019 ലെ EG3/9406/19/DTE നമ്പർ സർക്കുലർ പ്രകാരമുള്ള സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചത്. പ്രസ്തുത സീനിയോറിറ്റി പട്ടികയിൽ, ശ്രീ.നിഷാദ്.ടി.എ യുടെ ക്രമ നമ്പർ. 222 ആയിരുന്നു. എന്നാൽ ശ്രീ. നിഷാദ് ടി. എ. 24.7.2024-ൽ വീണ്ടും തന്റെ സീനിയോറിറ്റി പുനക്രമീകരിക്കുന്നതിലേക്കായി അപേക്ഷ സമർപ്പിക്കുകയുണ്ടായിയെന്നും ആയത് പരിഗണിച്ച് 04.09.2019 ലെ EG3/9406/19/DTE നമ്പർ സർക്കുലർ പ്രകാരമുള്ള സീനിയോറിറ്റി ലിസ്റ്റിലെ ടിയാൻ്റെ സ്ഥാനം പുനർക്രമീകരിക്കുന്നതിന്, ക്രമ നം.174 ആയി ഉൾപ്പെടുത്തിയിട്ടുള്ള ശ്രീ. പ്രഭാകരൻ. കെ. -യുടെയും 175 ആയി ഉൾപ്പെടുത്തിയിട്ടുള്ള ശ്രീ. രാജീവൻ കെ. വി -യുടെയും ഇടയിൽ 175എ ആയി ഉൾപ്പെടുത്തുന്നതിന്, താത്കാലികമായി തീരുമാനിച്ചതായും അതിനെതിരെ ആക്ഷേപമുണ്ടെങ്കിൽ ആയത് രേഖമൂലം സമർപ്പിക്കുന്നതിനും 06.08.2024 ൽ സർക്കുലർ പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു. ടി വിഷയം സംബന്ധിച്ചു ജീവനക്കാരിൽ നിന്നു ലഭിച്ച പരാതികൾ പരിശോധിച്ചുവെന്നും 26/09/1968 തീയതിയിലെ G.O.(Ms) No.301/68/PD നമ്പർ ഉത്തരവിന് വിധേയമായി ആണ് typist തസ്തികയിൽ നിന്നും UD ക്ലാർക്ക് തസ്തികയിലേക്കുള്ള തസ്തിക മാറ്റ നിയമനം നടത്തുന്നത് എന്നും സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചിരിക്കുന്നു.

26/09/1968 ലെ G.O.(Ms) No.301/68/PD നമ്പർ ഉത്തരവിൽ **"The seniority of the typist - stenographers who got appointed as clerks/Assistants will be fixed with reference to the date of order of their appointment as clerks/Assistants as laid down in Rule 27 of the Kerala General Rules.".**

എന്നാൽ കേരളാ സ്റ്റേറ്റ് ആൻ്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസ് 1958-ലെ ചട്ടം 5(സി) ലെ കുറിപ്പ് (3) 23.4.2012-ലെ സ.ഉ.(കൈ)നം.41/2012/ഉഭപവ പ്രകാരം സീനിയർ ക്ലാർക്ക് തസ്തികമാറ്റത്തിന് ബാധകമാക്കിയത് 5.4.2013-ലെ സ.ഉ.(കൈ) 8/2013/ഉഭപവ പ്രകാരം റദ്ദാക്കുകയും അതിനാൽ 1968-ലെ ഉത്തരവ് പ്രകാരം പ്രമോഷൻ നടത്തുന്നതിനും സീനിയോറിറ്റി നിശ്ചയിക്കുന്നതിനും തടസ്സമില്ല. എണ്ണത്തിന്റെ അനുപാതത്തിൽ നിയമനം നടത്താത്തതിനാൽ KS & SSR's ചട്ടം 27 3rd Proviso ബാധകമാകില്ല. ഭരണപരമായ കാലതാമസം കാരണമാണ് സീനിയർ ക്ലാർക്ക് തസ്തികയിലേക്കുള്ള ഉദ്യോഗക്കയറ്റ/തസ്തികമാറ്റ നിയമനങ്ങൾ യഥാസമയം നടക്കാതിരുന്നത് എന്ന പരാതിക്കാരന്റെ ആരോപണം തീർത്തും വസ്തുതാവിരുദ്ധമാണെന്നും കോടതി വ്യവഹാരങ്ങളുടെ ഫലമായി തൽസ്ഥിതി ഉത്തരവുകൾ നിലനിന്ന സാഹചര്യത്തിൽ 2015 മുതൽ 2017 വരെയുള്ള കാലയളവിൽ സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് സമയ ബന്ധിതമായി

പ്രൊമോഷൻ ഉത്തരവുകൾ പുറപ്പെടുവിക്കാൻ സാധിച്ചിരുന്നില്ലായെന്നും അറിയിച്ചിട്ടുണ്ട്.

ടൈപ്പിസ്റ്റ് തസ്തികയുടെയും ക്ലാർക്ക് തസ്തികയുടെയും ജോലി സ്വഭാവം വ്യത്യസ്തമായതിനാൽ ടൈപ്പിസ്റ്റ് തസ്തികയിൽ നിന്നും സീനിയർ ക്ലാർക്ക് തസ്തികയിലേക്കുള്ള കേഡർ മാറ്റം ഉദ്യോഗക്കയറ്റമായി കണക്കാക്കുവാൻ സാധിക്കുകയില്ല. പകരം തസ്തികമാറ്റം മുഖേനെയുള്ള നിയമനമായിട്ടാണ് കണക്കാക്കുന്നത്. കേരളാ സർവീസ് ചട്ടങ്ങളിലെ ഭാഗം **1** ചട്ടം **23 (c)** പ്രകാരം വ്യത്യസ്ത ജോലി സ്വഭാവമുള്ള തസ്തികയിലേക്കുള്ള നിയമനത്തിന് മുൻകാല പ്രാബല്യം അനുവദിക്കുവാൻ വ്യവസ്ഥയില്ല.

യു ഡി / സീനിയർ ഗ്രേഡ് / സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികകളുടെ ഉദ്യോഗക്കയറ്റ തസ്തികയല്ല സീനിയർ ക്ലാർക്ക് തസ്തിക. അതുകൊണ്ട് തന്നെ പ്രസ്തുത ടൈപ്പിസ്റ്റ് തസ്തികകളിൽ നിന്നും സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് കേഡർ മാറ്റം ലഭിക്കുന്നവരുടെ സീനിയോറിറ്റി, കേരളാ സ്റ്റേറ്റ് & സബോർഡിനേറ്റ് സർവീസ് ചട്ടങ്ങൾ ഭാഗം **2** ലെ ചട്ടം **27(a)** പ്രകാരം നിയമന ഉത്തരവ് തീയതിയുടെ അടിസ്ഥാനത്തിലെ കണക്കാക്കുവാൻ സാധിക്കുകയുള്ളൂ. ഒരു തസ്തികയിൽ നിന്നും അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതയിലും നിയമന രീതിയിലും ജോലി സ്വഭാവത്തിലും തീർത്തും വ്യത്യസ്തമായ മറ്റൊരു തസ്തികയിലേക്ക് നിയമനം നല്കുമ്പോൾ നിയമന ഉത്തരവിൻറെ തീയതി / പുതിയ തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ മാത്രമേ നിയമനത്തിന് പ്രാബല്യം നല്കുവാൻ വ്യവസ്ഥയുള്ളൂ. കൂടാതെ പുതിയ തസ്തികയിൽ പ്രവേശിച്ച ശേഷം പ്രസ്തുത തസ്തികയിൽ വ്യവസ്ഥാനുസരണമുള്ള നിരീക്ഷണ കാലം പൂർത്തീകരിക്കേണ്ടതുമുണ്ട്.

മേൽപ്പറഞ്ഞ ഉദ്യോഗക്കയറ്റ / കേഡർ മാറ്റ നിയമനങ്ങളുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ നിന്നും ടൈപ്പിസ്റ്റ് തസ്തികയിൽ നിന്നും സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് നിയമനം നല്കിയ ജീവനക്കാർക്ക്, അവരുടെ സീനിയർ ക്ലാർക്ക് തസ്തികയിലെ നിയമനത്തിന് മുൻകാല പ്രാബല്യം അനുവദിക്കുന്നതിന് മതിയായ കാരണങ്ങൾ ഒന്നും തന്നെയില്ല എന്നും പ്രസ്തുത ഉത്തരവുകളിൽ വന്ന വൈരുദ്ധ്യമായ പരാമർശങ്ങൾ പിശകായി സംഭവിച്ചതാണെന്നുമാണ് വ്യക്തമാകുന്നത് എന്നും പരിശോധനയിൽ നിന്നും വ്യക്തമായ മേൽ വിവരങ്ങളുടെ അടിസ്ഥാനത്തിൽ **"The seniority of the Typist Stenographers who got appointed as Clerks/Assistants will be fixed with reference to the date of order of their appointment as Clerks /Assistants as laid down in Rule 27 of the Kerala General Rules"** എന്ന വ്യവസ്ഥയ്ക്ക് അനുസൃതമായി ടൈപ്പിസ്റ്റ് തസ്തികയിൽ നിന്നും സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് കേഡർ മാറ്റം ലഭിച്ചവരുടെ നിയമനത്തിന് നിയമന ഉത്തരവ് തീയതി മുതൽ മാത്രമേ പ്രാബല്യം നല്കുവാൻ സാധിക്കൂ എന്നു വ്യക്തമായിട്ടുണ്ട്.

മേൽ വിവരിച്ച സാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം/കേഡർ മാറ്റ നിയമനങ്ങൾ നൽകിക്കൊണ്ട് വകുപ്പ് പുറപ്പെടുവിച്ച ഉത്തരവുകളിൽ;

ടൈപ്പിസ്റ്റ് തസ്തികയിൽ നിന്നും സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് നിയമനം നല്കിയിട്ടുള്ള ജീവനക്കാരുടെ പേരിനു നേരെയുള്ള റിമാർക്സ് കോളത്തിൽ **"Promoted from the cadre of typist"** എന്ന് രേഖപ്പെടുത്തിയിരിക്കുന്നത് **"Appointed from the category of typist"** എന്ന് ഭേദഗതി വരുത്തിക്കൊണ്ടും,

ജീവനക്കാരുടെ പേര് പരമർശിച്ചിരിക്കുന്ന പട്ടികയുടെ ശീർഷകത്തിൽ **"date of effect of promotion"** എന്ന് മാത്രം പരാമർശിച്ചിരിക്കുന്ന ഭാഗം **"date of effect of promotion (applicable only for promoted candidates)"** എന്ന് ഭേദഗതി വരുത്തിക്കൊണ്ടും,ടൈപ്പിസ്റ്റ് തസ്തികയിൽ നിന്നും സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് നിയമനം ലഭിച്ച ജീവനക്കാരുടെ സീനിയർ ക്ലാർക്ക് തസ്തികയിലെ സീനിയോറിറ്റി, സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് നിയമനം നല്കിയ ഉത്തരവ് തീയതി പ്രാബല്യത്തിലായിരിക്കും ക്രമപ്പെടുത്തുന്നത് എന്ന വ്യവസ്ഥ കൂടി ഉൾപ്പെടുത്തി പരിഷ്കരിച്ചുകൊണ്ടും; **11.01.2026** ലെ **ED1/9445/2025/DTE** പ്രകാരം ഉത്തരവായിട്ടുണ്ട് എന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ബാധകമല്ലാത്ത ചട്ടങ്ങൾ പരാമർശിച്ചുകൊണ്ട് തനിക്ക് അർഹതയില്ലാത്ത ആനുകൂല്യം അനുവദിക്കണമെന്നുള്ള ശ്രീ.നിഷാദ് ടി. എ. -യുടെ ആവശ്യം പരിഗണനാർഹമല്ല എന്നും ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ക്ലർക്ക്/ടൈപിസ്റ്റ് തസ്തികകളിൽ നിന്നും സീനിയർ ക്ലർക്ക് തസ്തികയിലേക്ക് നിയമനം നൽകി വകുപ്പ് **2017** കാലഘട്ടത്തിൽ പുറപ്പെടുവിച്ച ഉത്തരവുകളിൽ ഉണ്ടായ വൈരുദ്ധ്യമാണ് സീനിയോറിറ്റി സംബന്ധിച്ച പ്രശ്നങ്ങൾക്ക് കാരണമെന്ന് കാണുന്നു. ടി ഉത്തരവുകൾ ഭേദഗതി ചെയ്തുകൊണ്ട് ഡയറക്ടർ **11.01.2026** ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**26/09/1968** ലെ **GO (Ms) No.301/68/PD** നമ്പർ ഉത്തരവിൽ **"The seniority of the typist - stenographers who got appointed as clerks/Assistants will be fixed with reference to the date of order of their appointment as clerks/Assistants as laid down in Rule 27 of the Kerala General Rules."** എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. **05.04.2013 GO (Ms) No. 8/2013/P&ARD** പ്രകാരം **23.08.2012** ലെ ജി.ഒ (എം.എസ്) **41/2012**/ഉഭപവ ഉത്തരവിലെ ഉപ ഖണ്ഡിക **(iii)** റദ്ദ് ചെയ്തിട്ടുള്ളതായും **(Government have examined the matter in detail and are pleased to order that**

**condition No. iii, namely "the ratio of category change will be fixed in accordance with Note (3) under Rule 5(c) of Kerala State & Subordinate Service Rules 1958" occurring in the last para of the Government Order read as 2nd paper above stands cancelled with effect from 23.08.2012).** ആയതിനാൽ കാറ്റഗറി മാറ്റത്തിൻ്റെ വിഷയത്തിൽ മേൽ ചട്ടവുമായി ബന്ധപ്പെടുത്തി പരിശോധിക്കേണ്ട ആവശ്യകതയില്ല.

യു.ഡി./സീനിയർ ഗ്രേഡ്/സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികകളുടെ ഉദ്യോഗക്കയറ്റ തസ്തികയല്ല സീനിയർ ക്ലാർക്ക് തസ്തിക. ആയതിനാൽ ടി തസ്തികകളിൽ നിന്നും സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് കേഡർ മാറ്റം ലഭിക്കുന്നവരുടെ സീനിയോറിറ്റി, കേരളാ സ്റ്റേറ്റ് & സബോർഡിനേറ്റ് സർവീസ് ചട്ടങ്ങൾ ഭാഗം **2** ലെ ചട്ടം **27(a)** പ്രകാരം**(by transfer appointment)** നിയമന ഉത്തരവ് തീയതിയുടെ അടിസ്ഥാനത്തിലെ കണക്കാക്കുവാൻ സാധിക്കുകയുള്ളൂ.

ഒരു തസ്തികയിൽ നിന്നും അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതയിലും നിയമന രീതിയിലും ജോലി സ്വഭാവത്തിലും തീർത്തും വ്യത്യസ്തമായ മറ്റൊരു തസ്തികയിലേക്ക് നിയമനം നല്കുമ്പോൾ നിയമന ഉത്തരവിൻറെ തീയതി/പുതിയ തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ മാത്രമേ നിയമനത്തിന് പ്രാബല്യം നല്കുവാൻ വ്യവസ്ഥയുള്ളൂ.

മേൽ സാഹചര്യത്തിൽ ശ്രീ നിഷാദ് ടി. എ. സീനിയോറിറ്റി ലിസ്റ്റിൽ ടിയാന്റെ സ്ഥാനം **175A** ആയി (അതായത് ക്രമ നമ്പർ **174** ആയി ഉൾപ്പെടുത്തിയിട്ടുള്ള ശ്രീ.പ്രഭാകരൻ. കെ. യുടേയും, ക്രമ നമ്പർ **175** ആയി ഉൾപ്പെടുത്തിയിട്ടുള്ള ശ്രീ.രാജീവൻ. കെ.വി. യുടെയും ഇടയിൽ) നിജപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കണമെന്നും, തന്റെ ടി സംരക്ഷിതസീനിയോരിറ്റിയുടെ വെളിച്ചത്തിൽ തുടർ സ്ഥാനക്കയറ്റം അനുവദിക്കണമെന്നുമുള്ള അപേക്ഷ പരിഗണിക്കാനാകാത്തതിനാൽ നിരസിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം - **2** പ്രകാരമുള്ള ഉത്തരവ് ഇപ്രകാരം നടപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**SANTHOSHKUMAR P B**

അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം **(With C/L)**
സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ശ്രീ നിഷാദ് ടി എ, സീനിയർ ക്ലർക്ക്, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ **(Audit/A&E)** കേരള, തിരുവനന്തപുരം.
ഇൻഫർമേഷൻ ആഫീസർ, വെബ് & ന്യൂ മീഡിയ, വിവര-പൊതുജനസമ്പർക്ക

വകുപ്പ്.

***www.highereducation.kerala.gov.in***

*കരുതൽ* ഫയൽ/ഓഫീസ് കോപ്പി. ***(HEDN-G2/60/2025-HEDN)***

ഉത്തരവിൻ പ്രകാരം

**Signed by Deepa N S**
**Date: 12-03-2026 15:17:05**

സെക്ഷൻ ഓഫീസർ